LIBRARY ARCHIVES Kerala Legislative Assembly.

ഉത്തരം

(എ) ഉണ്ട്.

(ബി) ലോകത്തിലെ കപ്പൽ വ്യവസായ ഗതാഗത മേഖലയിൽ വർദ്ധിച്ചു വരുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയും അതുവഴി കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിനുമായി അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം കോഴ്സുകൾ നടത്തുക എന്നതാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഉദ്ദേശ്യലക്ഷ്യം.

(സി) തുറമുഖ വകുപ്പ്, തുറമുഖ വകുപ്പിന്റെ കീഴിലുള്ള കേരള മാരിടൈം സൊസൈറ്റി, ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി, കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിലൂടെ നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകുന്ന ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് എന്നിവരാണ് ഇതുമായി സഹകരിക്കുന്നത്.

(ഡി) കേരളത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനായി തുറമുഖ വകുപ്പിൻ കീഴിൽ കേരള മാരിടൈം സൊസൈറ്റി രൂപീകരിച്ചു. നീണ്ടകരയിൽ 36 കോടി രൂപ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം നടന്നുവരുന്നു. കൊടുങ്ങല്ലൂരിൽ 10 കോടി രൂപ ചെലവിൽ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സബ്സെന്റർ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി റോഡ് ഷോ

88 (4423) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് മുബൈയിൽ റോഡ് ഷോ നടത്തുകയുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് നടത്തിയത് ;

(സി) എന്തിനുവേണ്ടിയാണ് ഇത് നടത്തിയത് ;

(ഡി) ആരെല്ലാമാണ് സംസ്ഥാന ഗവൺമെന്റിനെ പ്രതിനിധീകരിച്ച് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തത് ;

(ഇ) ഗവൺമെന്റ് പ്രതിനിധികളെ കൂടാതെ ആരെല്ലാം പരിപാടിയിൽ പങ്കെടുക്കുകയുണ്ടായി ;

(എഫ്) ഇതിന്റെ സംഘാടന രീതി എങ്ങനെയായിരുന്നു ;

(ജി) പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിക്കുകയുണ്ടായി ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) 2014 ജനുവരി മാസം 16-ാം തീയതി.

(സി) വിഴിഞ്ഞം പദ്ധതിക്കുവേണ്ടി പങ്കാളിയെ കണ്ടെത്തുന്നതിന് ആഗോള തലത്തിൽ ഡിസംബർ 2013-ൽ പുറപ്പെടുവിച്ച ടെണ്ടർ വിജ്ഞാപന പ്രകാരം പരമാവധി കമ്പനികളെ അതിൽ പങ്കെടുപ്പിക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് റോഡ് ഷോ നടത്തിയിട്ടുള്ളത്.

(ഡി) തുറമുഖ വകുപ്പുമന്ത്രി, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, പ്ലാനിംഗ് ബോർഡ് മെമ്പർ, തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വിഴിഞ്ഞം തുറമുഖ മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം തുറമുഖ കമ്പനിയിലെ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

(ഇ) ക്ഷണിതാക്കളായ എംബസികളിലെ ഉദ്യോഗസ്ഥർ, ടെണ്ടറിൽ പങ്കെടുക്കുവാൻ സാദ്ധ്യതയുള്ള വിവിധ കമ്പനികളുടെ പ്രതിനിധികൾ എന്നിവർക്കു പുറമേ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ പ്രിൻസിപ്പൽ അഡ്വൈസർ (ഇൻഫ്രാസ്ട്രക്ചർ), പദ്ധതിയുടെ ട്രാൻസാക്ഷൻ & ഫിനാൻഷ്യൽ അഡ്വൈസറായ Ernst & Young, Technical Advisor ആയ AECOM, Legal Advisor ആയ Hemant Sahai Associates എന്നിവരുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു.

(എഫ്) പ്രസ്തുത പരിപാടിയിൽ പദ്ധതിയെ പറ്റിയുള്ള വിശദമായ അവതരണം ക്ഷണിതാക്കൾക്ക് പദ്ധതിയുടെ കൺസൾട്ടന്റ് നടത്തുകയും അതിനെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങൾക്ക് മറുപടി സർക്കാർ പ്രതിനിധികളും കമ്പനിയുടെ ഉപദേശകരും നൽകുകയും ചെയ്തു.

(ജി) 5.07 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പിലാക്കാനാവശ്യമായ തുക

89 (T* 4424) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ കരാർ വ്യവസ്ഥ യനുസരിച്ച് തന്നാണ്ടിൽ പദ്ധതിക്കായി സർക്കാർ കണ്ടെത്തുന്ന മൊത്തം തുക എത്ര ; ബഡ്ജറ്റിൽ പദ്ധതിക്കായി വകയിരുത്തപ്പെട്ട തുക ഏതെല്ലാം ഇനത്തിൽ എത്ര വീതം ; വിശദമാക്കാമോ ;

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു